**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2631** **12-10-2021 - ൽ മറുപടിയ്ക്ക്**

**യുവസംരംഭകർക്കായി സഹകരണ സംഘങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | യുവാക്കൾക്കും യുവസംരംഭകർക്കുമായി സഹകരണ സംഘങ്ങൾ രൂപീകരിക്കുവാൻ സഹകരണ വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | യുവാക്കൾക്കും യുവസംരംഭകർക്കുമായി സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നത് സംബന്ധിച്ച് പത്ര മധ്യമങ്ങളിലൂടെയും മറ്റ് മീഡിയകൾ വഴിയും പരസ്യ പ്രചാരണങ്ങൾ നടത്തുകയും, ടി സംഘങ്ങളുടെ രൂപീകരണത്തിനുള്ള മോഡൽ ബൈല സഹകരണ സംഘം രജിസ്ട്രാറുടെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. ടി സംഘങ്ങളുടെ രജിസ്ട്രേഷൻ നടപടികൾ കൃത്യതയോടെ പൂർത്തീകരിക്കുന്നതിനായി ജില്ലാതല നോഡൽ ആഫീസർമാരെ നിയമിക്കുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. സംഘങ്ങൾ സമർപ്പിച്ച പ്രൊജക്റ്റ് റിപ്പോർട്ടുകൾ പരിശോധിച്ച് പദ്ധതികളുടെ സാധ്യത വിലയിരുത്തുന്നതിന് ഒരു പ്രൊജക്റ്റ് ഇവാല്യുവേഷൻ ടീമിനെ നിയമിച്ചിരുന്നു. ടി സംഘങ്ങളുടെ രജിസ്ട്രേഷൻ നടപടികൾ കാര്യക്ഷമമായും സമയബന്ധിതമായും പൂർത്തീകരിക്കുന്നതിന് ജില്ലാതല നോഡൽ ആഫീസർമാരെ നിയമിച്ചിരുന്നു. വിവിധ ജില്ലകളിലായി 29 യുവ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | രജിസ്റ്റർ ചെയ്ത് അംഗീകാരം ലഭിച്ച സഹകരണ സംഘങ്ങളുടെ വിശദവിവരം ജില്ല തിരിച്ച് ലഭ്യമാക്കുമോ; | (ബി) | പുതിയതായി രൂപീകരിച്ച 29 യുവ സഹകരണ സംഘങ്ങളുടെ വിവരം ജില്ല തിരിച്ച് അനുബന്ധമായി ചേർക്കുന്നു. |
| (സി) | സംഘങ്ങൾക്ക് രജിസ്ട്രേഷൻ ലഭിയ്ക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ? | (സി) | കേരള സഹകരണ നിയമം, വകുപ്പ് 7, ചട്ടം 15(12)(3)(1) പ്രകാരമാണ് യുവ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് നൽകുന്നത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**പുതിയതായി രൂപീകരിച്ച യുവ സഹകരണ സംഘങ്ങൾ**

| ക്രമ നം. | ജില്ല | സഹകരണ സംഘങ്ങൾ |
|---|---|---|
| 1 | തിരുവനന്തപുരം | 1. വട്ടിയൂർക്കാവ് യൂത്ത് ബ്രിഗേഡ് എന്റർപ്രീണേഴ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി. 2283<br>2. കെ-ട്രാക്ക് ഈവന്റ്സ് ആന്റ് സർവ്വീസസ് യൂത്ത് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി.2284<br>3. കേരകർഷക യുവ സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി.2285 |
| 2 | കൊല്ലം | 1) ആർട്ടിസ്റ്റ് വെൽഫെയർ യുവ സഹകരണ സംഘം ക്ലിപ്തം നമ്പർ ക്യൂ.1713<br>2) ഇക്കോ സർവ്വീസ് യുവ സഹകരണ സംഘം ക്ലിപ്തം നമ്പർ ക്യൂ.1714<br>3) സിനർജി (സൊസൈറ്റി ഓഫ് യങ് നോബിൾ എന്റർപ്രീനേഴ്സ് ആന്റ് റിസോഴ്സ് ജനറേഷൻ ഫ്രം ദി യൂത്ത്) കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ ക്യൂ.1715<br>4) ക്വൊയ്‌ലോൺ ഇൻഫോ സൊല്യൂഷൻസ് യൂത്ത് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ ക്യൂ.1716 |
| 3. | ആലപ്പുഴ | 1) മാവേലിക്കര താലൂക്ക് യുവ പ്രിന്റിങ് ആൻഡ് പബ്ലിഷിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ എ.1241<br>2) ചേർത്തല യുവജന സഹകരണ സംഘം ക്ലിപ്തം നമ്പർ എ.1243<br>3) ആലപ്പുഴ യുവ അഗ്രോ മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ എ.1245 |
| 4 | പത്തനംതിട്ട | 1) പത്തനംതിട്ട യുവജന സംരംഭക സഹകരണ സംഘം ക്ലിപ്തം നമ്പർ പി.റ്റി. 334 |
| 5 | കോട്ടയം | 1. കോട്ടയം ജില്ല യുവജന സംരംഭക സഹകരണ സംഘം ക്ലിപ്തം നമ്പർ കെ. 1232<br>2. ഇ-നാട് യുവജന സഹകരണ സംഘം ക്ലിപ്തം നമ്പർ കെ. 1233<br>3. വൈക്കം സത്യാഗ്രഹ മെമ്മോറിയൽ യൂത്ത് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ. 1234 |
| 6 | ഇടുക്കി | 1. യുവധാര യുവജന സഹകരണ സംഘം ക്ലിപ്തം |

| | | |
|---|---|---|
| | | നമ്പർ ഐ.774<br>2. ഇടുക്കി ടൂറിസം വികസന യുവജന സഹകരണ സംഘം ക്ലിപ്തം നമ്പർ ഐ.775 |
| 7 | എറണാകുളം | 1. നവപാലാത്തുരുത്ത് സ്വയംസംരംഭക സാമൂഹ്യ സഹകരണ സംഘം ലിമിറ്റഡ് നമ്പർ ഇ.1444<br>2. മൂവാറ്റുപുഴ പ്രൊഫഷണൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ ഇ.1445 |
| 8 | പാലക്കാട് | 1. ചിറ്റൂർ ബ്ലോക്ക് യുവ സഹകരണ സംഘം ക്ലിപ്തം നമ്പർ പി. 1465<br>2. ആലത്തൂർ താലൂക്ക് യുവ കർഷക ഉത്പാദക വിപണന സഹകരണ സംഘം ലിമിറ്റഡ് നമ്പർ പി.1466<br>3. ആലത്തൂർ യുവ സ്കിൽഡ് & അൺ സ്കിൽഡ് ലേബർ സഹകരണ സംഘം ലിമിറ്റഡ് നമ്പർ പി.1467<br>4. നെന്മാറ ബ്ലോക്ക് യുവ സഹകരണ സംഘം ക്ലിപ്തം നമ്പർ പി. 1468 |
| 9 | മലപ്പുറം | 1. മലപ്പുറം ജില്ലാ യൂത്ത് സഹകരണ സംഘം ക്ലിപ്തം നമ്പർ എം. 1048 |
| 10 | കോഴിക്കോട് | 1. യുവശക്തി യുവ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ ഡി.3340<br>2. യൂത്ത് എംപവർമെന്റ് ആന്റ് വെൽഫെയർ മൾട്ടിപർപ്പസ് സഹകരണ സംഘം ഡി. 3341 |
| 11 | കണ്ണൂർ | 1. പെരിങ്ങോം ഏരിയ യുവജന സഹകരണ സംഘം ക്ലിപ്തം നമ്പർ സി.2143 |
| 12 | കാസർഗോഡ് | 1. കാസറഗോഡ് യുവജന സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.588<br>2. കാസർഗോഡ് യുവാസ് സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ കെ.589<br>3. കാസർഗോഡ് മാർക്കറ്റിംഗ് യൂത്ത് കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് നമ്പർ കെ. 590 |